**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4971** **01-11-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ നികുതി കെട്ടാത്ത ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ നികുതി കെട്ടാത്ത വിഭാഗത്തിൽ ഉൾപ്പെടുത്തിയിരുന്ന ഭൂമിയിൽ ജനങ്ങൾ വീട് നിർമ്മിച്ച് താമസയോഗ്യമാക്കുകയും പലരും ഭൂനികുതി അടവാക്കുകയും ചെയ്യുന്നുണ്ടെങ്കിലും റിക്കാർഡുകളിൽ നി.കെ. എന്ന് രേഖപ്പെടുത്തിയത് കാരണം പ്ലാൻ പെർമിറ്റ് ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ വില്ലേജ് റിക്കാർഡുകളിൽ മാറ്റം വരുത്തുന്നതിന് ഉത്തരവ് ഇറക്കി പ്രസ്തുത പ്രശ്നം പരിഹരിക്കുമോ; | (ബി) | 1985- ലെ മലബാർ രജിസ്ട്രേഷൻ ആക്ട്, Kerala Repeal and Savings Ordinance 2005 പ്രകാരം റദ്ദ് ചെയ്തപ്പോൾ, നി.കെ ഭൂമി (Unassessed land) കൾക്ക് നികുതി സ്വീകരിക്കുന്നതിന് 1961-ലെ കേരള ഭൂനികുതി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ ചെയ്തിരുന്നില്ല. നി.കെ. ഭൂമി തരം മാറ്റുന്നത് സംബന്ധിച്ച വിഷയം 72/L2/2019/റവ നമ്പർ ഫയലിൽ പരിശോധിച്ചു വരികയാണ്. |
| (സി) | വില്ലേജ് അടങ്കൽ റിക്കാർഡുകളിൽ മാറ്റം വരുത്തുന്നത് ഏത് വകുപ്പ് പ്രകാരമാണ് എന്ന് വെളിപ്പെടുത്തുമോ? | (സി) | അടങ്കൽ അഥവാ സെറ്റിൽമെന്റ് രജിസ്റ്റർ സ്ഥിരം രജിസ്റ്റർ ആണ്. ഈ രജിസ്റ്ററിൽ ഭൂമിയിൽ ഉണ്ടാകുന്ന മാറ്റത്തിനനുസരിച്ച് യാതൊരു മാറ്റവും രേഖപ്പെടുത്തുവാൻ പാടില്ലാത്തതാണ്. ഭൂമി തരം മാറ്റുന്നത് സംബന്ധിച്ച് തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് രണ്ടാം അനുബന്ധ രജിസ്റ്ററിൽ രേഖപ്പെടുത്തി ക്രമനമ്പർ ഒന്നാം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. (ഖണ്ഡിക 282. ലാൻഡ് റവന്യൂ മാന്വൽ വാല്യം VI). |

സെക്ഷൻ ഓഫീസർ